LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരളത്തിന്റെ ജലവിഭവ വകുപ്പ്, ഡോ. ധ്രുബജ്യോതി ഘോഷ്, റീജിയണൽ വൈസ് ചെയർമാൻ (സൗത്ത് ഏഷ്യ) കമ്മീഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റ്, IUCN (International Union For Conservation of Nature) ചെയർമാനായി രൂപീകരിച്ച 3 അംഗനാഷണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മേയ് 2007-ലെ റിപ്പോർട്ടിൽ (An Assessment of the Ecological Impact of Water Level Increase at Mullapperiyar Dam) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് വനമേഖലയിലെ ജൈവ ആവാസവ്യവസ്ഥയെ ബാധിക്കുന്നതെങ്ങനെ എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2000-ലെ "Enviornmental and Social Impact Assessment of Increasing the Water Level At Periyar Lake in Periyar Tiger Reserve" എന്ന റിപ്പോർട്ടിലും ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. മുഖ്യ വനപാലകൻ ആയിരുന്ന ശ്രീ.വി. ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) ഇല്ല. എന്നിരുന്നാലും തടാകതീരത്തെ വന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതുമൂലം പരമ്പരാഗത സഞ്ചാരപഥങ്ങൾ നഷ്ടപ്പെട്ടുന്ന വന്യജീവികൾ ശബരിമല ഉൾപ്പെടെയുള്ള വനഭാഗങ്ങളിലേയ്ക്ക് നീങ്ങുന്നത് ശബരിമല ഭാഗങ്ങളിൽ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇക്കാര്യവും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങൾ

307 (2182) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തിയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണങ്ങളാൽ അപകടങ്ങളുണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടം നേരിടുന്നവർക്ക് നിലവിൽ എന്തെല്ലാം നഷ്ടപരിഹാരം നൽകുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൂടോ, മയക്കുവെടിയോ വെച്ചോ പിടിച്ച് ദൂരെയുള്ള കാടുകളിൽ കൊണ്ടുപോയി വിടുന്ന വന്യമൃഗങ്ങൾ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി സംരക്ഷണ നിയമം 1972-ന്റെ I മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും, ജീവഹാനിക്കും പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980-ൽ നിലവിൽ വന്ന 'കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്, 1980' എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നമ്മുടെ നാട്ടിലെ വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾക്ക് കാരണമാകുന്ന മിക്ക വന്യജീവികളും വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്നവയാണ്. നിലവിലുള്ള നഷ്ടപരിഹാര തുക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ :

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്
(വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു)*

(ബി) വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭിച്ച സ്ഥലത്തെ റെയിഞ്ച് ഓഫീസർവഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(സി) ദൂരെയുള്ള കാടുകളിൽ കൊണ്ടുവിടുന്ന വന്യമൃഗങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം സി-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേക്കായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

4. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.

5. വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി പ്രതിരോധമതിൽ, പ്രതിരോധകിടങ്ങ്, സൗരോർജ്ജ കമ്പിവേലി എന്നിവയുടെ നിർമ്മാണം.

6. വന്യജീവിമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളുടെയും ചെക്കുഡാമുകളുടെയും നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly